**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 826** **04-03-2020 ലെ മറുപടി**

<u>വേങ്ങര മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| **(എ)** | വേങ്ങര നിയോജക മണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും തുക നീക്കിവച്ചിട്ടുള്ളതുമായ ജലവിഭവ വകുപ്പിന്റെ പദ്ധതികളെക്കുറിച്ച് വിശദീകരിക്കമോ; | (എ) | വേങ്ങര നിയോജക മണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതും തുക നീക്കിവച്ചിട്ടുള്ളതുമായ ജലസേചന വകുപ്പിന്റെ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.<br><br>വേങ്ങര നിയോജക മണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കണ്ണമംഗലം പഞ്ചായത്തിൽ കണ്ണമംഗലം കുടിവെള്ള പദ്ധതിക്കായി 25 എച്ച്പി പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ നടന്നു വരുന്നു. |
| **(ബി)** | ജലവിഭവ വകുപ്പിന്റെ മറ്റ് ഫണ്ടുകൾ ഉപയോഗപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷം വേങ്ങര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ ഘട്ടങ്ങളും അറിയിക്കാമോ? | (ബി) | ജലവിഭവ വകുപ്പിന്റെ മറ്റ് ഫണ്ടുകൾ ഉപയോഗപ്പെടുത്തി നടപ്പ് സാമ്പത്തിക വർഷം വേങ്ങര മണ്ഡലത്തിൽ നടപ്പിലാക്കിയ ജലസേചന വകുപ്പിന്റെ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധം (2) ആയും ഭൂജല വകുപ്പിന്റെ കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾ അനുബന്ധം (3) ആയും ചേർത്തിരിക്കുന്നു.<br><br>വേങ്ങര നിയോജക മണ്ഡലത്തിൽ കണ്ണമംഗലം കുടിവെള്ള പദ്ധതി പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. എ.ആർ.നഗർ കുടിവെള്ള പദ്ധതിയുടെ കിണറും |

| | | | |
|---|---|---|---|
| | | | മോ ട്ടോർപുരയും പമ്പിംഗ് മെ യിനും പൂർത്തീകരിച്ചിട്ടു ണ്ട്.<br><br>ജലശുദ്ധീകരണശാലയുടെയും വിതരണ ശാലയുടെയും പ്രവർത്തികൾക്കുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയാറാക്കി ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷം) | റിമാർക്സ് |
|---|---|---|---|
| 1 | ഒതുക്കുങ്ങൽ പഞ്ചായത്തിലെ ചേക്കത്തി കടവിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം | **400** | 400 ലക്ഷം രൂപയ്ക്ക് ജി.ഒ(ആർ.റ്റി)നം.40/206/ജ.വ.വ തീയതി 22/01/2016 എന്ന നമ്പറിൽ ഭരണാനുമതി നൽകിയെങ്കിലും വിശദമായ പര്യവേക്ഷണം ആവശ്യമായതിനാൽ പ്രവൃത്തി നടന്നിട്ടില്ല. ഇപ്പോൾ പര്യവേക്ഷണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതിക്കായി പരിഗണിക്കുന്നതാണ്. |
| 2 | ഊരകം പഞ്ചായത്തിൽ തയ്യിൽ കടവ് നെട്ടങ്ങാട് കടലുണ്ടിപ്പുഴക്ക് കുറുകെ ഒരു വിയർ നിർമ്മാണം | 420 | 500 ലക്ഷം രൂപയുടെ പദ്ധതി ടെണ്ടർ ചെയ്യെങ്കിലും സർക്കാർ അംഗീകരിച്ച നിരക്ക്കരാറുകാരന് സമ്മതമല്ലാത്തതിനാൽ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായില്ല. എന്നാൽ മേൽ പ്രവൃത്തി സ്ഥലത്തിന് താഴ്ഭാഗത്തായി ബാക്കിക്കയത്ത് കടലുണ്ടിപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിരുന്നു അതിൻറെ ജലസംഭരണ ലെവലുമായി ഈ പ്രവൃത്തിയുടെ സംഭരണ ലെവൽ താരതമ്യം ചെയ്ത് ഉറപ്പ് വരുത്തേണ്ടതുണ്ടായിരുന്നു. അതിനായി ബാക്കിക്കയം മുതൽ തയ്യിൽക്കടവ് വരെ ലവൽ സർവ്വെ നടത്തേണ്ടതുണ്ട്. കടലുണ്ടിപ്പുഴയിലെ വിവധ ജലസംഭരണ പദ്ധതികളുടെ സാധ്യത പഠനത്തിനും മറ്റുമായി മൂന്നു റീച്ചുകളായി ഫ്ലഡ് പ്രോൺ സർവ്വെ നടന്ന് വരുന്നുണ്ട് 1, 3 റീച്ചുകൾ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി വരുന്ന രണ്ടാം റീച്ച് സർവ്വെ ഇതുവരെ പൂർത്തിയായിട്ടില്ല അത് പൂർത്തീകരിക്കുന്ന മുറക്ക് പ്രസ്തുത വിയർ നിർമ്മാണം ആവശ്യമുണ്ടോ എന്ന സാധ്യത പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| 3 | ഒതുക്കുങ്ങൽ പഞ്ചായത്തിലെ ചേക്കത്തി കടവിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണ പര്യവേഷണ പ്രവൃത്തി | 3.96 | പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. |
| 4 | വേങ്ങര പഞ്ചായത്തിലെ കുരിയാട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൻറെ തകർന്ന മെയിൻ കനാലിൻറെ ചെയിനേജ് 1000 മുതൽ വരുന്ന ഭാഗം പുനർ നിർമ്മാണം | 9.50 | ജി.ഒ(ആർ.റ്റി)നം.819/2019/ജ.വി.വ. തീയതി.16/11/2019 പ്രകാരം ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തി ടെണ്ടർ ചെയ്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

ബി) വേങ്ങര മണ്ഡലത്തിൽ ജല വിഭവ വകുപ്പുമായി ബന്ധപ്പെട്ട് മറ്റ് ഫണ്ടുകൾ ഉപയോഗപ്പെടുത്തി നടപ്പു സാമ്പത്തികവർഷം നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | **SDRF-**വേങ്ങര നിയോജക മണ്ഡലത്തിലെ മാണിക്കോത്ത് കടവിൽ ഇക്കോ വില്ലേജിനു ഡി ടി. പി.സി സമീപം കടലുണ്ടിപ്പുഴയുടെ വലതുകര ബലപ്പെടുത്തുന്നതിനുള്ള പുനരുദ്ധാരണവും കേടുപാടുകൾ തീർക്കലും | **20.**20 ലക്ഷം | എഗ്രിമെൻറ് വെച്ചു വർക്ക് ആരംഭിച്ചിട്ടുണ്ട്. |
| 2 | **RMF-**പറപ്പൂർ പഞ്ചായത്തിൽ വാർഡ് ഒന്നിൽ ഇല്ലിപ്പുലാക്കലിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | **23.51** ലക്ഷം | ടെണ്ടർ നടപടികളിലാണ് |
| 3 | **RMF-** എം.ആർ. നഗർ ഗ്രാമപഞ്ചായത്തിലെ മുഴിക്കൽ കോളനിയിൽ റീ.സ. നം. **226/14** പി.എം. ജാഫറിന്റെ വീടിനു സമീപം കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | **31** ലക്ഷം | എഗ്രിമെൻറ് നടപടികളിലാണ്. |
| 4 | **RMF-**എ.ആർ. നഗർ ഗ്രാമപഞ്ചായത്തിലെ വാർഡ് **19** ൽ മമ്പുറം പുതിയ പാലത്തിന് മേൽഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 17 ലക്ഷം | എഗ്രിമെൻറ് നടപടികളിലാണ് |
| 5 | **RMF-** എ.ആർ. നഗർ ഗ്രാമപഞ്ചായത്തിലെ വാർഡ് **19** ൽ മുഴിക്കലിൽ **293** സി നം. വീടിനു സമീപം കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 40 ലക്ഷം | എഗ്രിമെൻറ് നടപടികളിലാണ് |
| 6 | വേങ്ങര പഞ്ചായത്തിലെ തേർക്കയം പാലത്തിന് താഴെയായി തേർക്കയം ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 34 ലക്ഷം | ടെണ്ടർ നടപടികളിലാണ് |
| 7 | **SDRF 2019-**ഊരകം പഞ്ചായത്തിലെ വാർഡ് **16** ൽ ചാലിൽകുണ്ട് വേരേങ്ങൽമുഴി ഭാഗത്ത് കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം | 22 ലക്ഷം | എഗ്രിമെൻറ് വെച്ച് സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട് |
| 8 | SDRF- പറപ്പൂർ പഞ്ചായത്തിലെ ഇരിങ്ങല്ലൂർ എൽ.ഐ.എസിന്റെ മെയിൻ കനാൽ 0 മുതൽ 200 വരെ അറ്റകുറ്റപണി | 19.89 ലക്ഷം | കരാറുകാരന് സ്ഥലം കൈമാറി |
| 9 | SDRF- പറപ്പൂർ പഞ്ചായത്തിലെ ഇരിങ്ങല്ലൂർ എൽ.ഐ.എസിന്റെ ഇടതു ശാഖാ കനാൽ 0 മുതൽ 200 വരെ അറ്റകുറ്റപണി | 17.26 ലക്ഷം | പ്രവൃത്തി പുരോഗതിയിൽ |
| 10 | SDRF – മലപ്പുറം ജില്ലയിലെ വേങ്ങര പഞ്ചായത്തിലെ കുരിയാട് എൽ.ഐ.എസിന്റെ മെയിൻ കനാൽ 300 മുതൽ 1000 വരെ അറ്റകുറ്റപണി | 1.50 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 11 | SDRF-എ.ആർ നഗർ പഞ്ചായത്തിലെ കൊളപ്പുറം എൽ.ഐ.എസിന്റെ വലതു, ഇടതു കനാലുകളുടെ 0 മുതൽ 800 വരെയുള്ള ഭാഗത്ത് അറ്റകുറ്റപണി | 17.10 ലക്ഷം | കരാറുകാരന് സ്ഥലം കൈമാറി |
| 12 | SDRF-എ.ആർ നഗർ പഞ്ചായത്തിലെ പോത്തുംകട്ടി വി.സി.ബി. അറ്റകുറ്റപണി | 6.40 ലക്ഷം | ടെണ്ടർ നടപടികളിൽ |
| 13 | SDRF-വേങ്ങര പഞ്ചായത്തിലെ കാട്ടിച്ചിറ വി.സി.ബി.അറ്റകുറ്റപണി | 12.50 ലക്ഷം | കരാറുകാരന് സ്ഥലം കൈമാറി |
| 14 | SDRF-കണ്ണമംഗലം പഞ്ചായത്തിലെ ചേറൂർ തോട്ടിലെ ചീർപ്പ് ചിറ വി.സി.ബി.അറ്റകുറ്റപണി | 11.20 ലക്ഷം | കരാറുകാരന് സ്ഥലം കൈമാറി |

അനുബന്ധം (2)

| | | | |
|---|---|---|---|
| 15 | SDRF-പറപ്പൂർ പഞ്ചായത്തിലെ കല്ലക്കയം തോട്ടിലെ കണ്ണാടിക്കൽ വി.സി.ബി.അറ്റകുറ്റപണി | 4.10 ലക്ഷം | ടെണ്ടർ നടപടിയിൽ |
| 16 | SDRF-മലപ്പുറം ജില്ലയിലെ വേങ്ങര പഞ്ചായത്തിലെ വലിയോറ എൽ.ഐ.എസിന്റെ പമ്പ് ഹൗസ്, സിസ്റ്റേൺ, മെയിൻ കനാൽ അറ്റകുറ്റപണികൾ | 11.20 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 17 | **FD-**എ.ആർ നഗർ പഞ്ചായത്തിലെ കുറ്റിക്കാട്ടിൽ ക്ലറ്റർപാടം തോടിന്റെ ഇടതുകര സംരക്ഷണം | 20 ലക്ഷം | സാങ്കേതികാനുമതി നടപടിയിൽ |

സെക്ഷൻ ഓഫീസർ

അനുബന്ധം (3)

| ക്രമ. നം. | സൈറ്റ് | ജില്ല | ഗ്രാമ പഞ്ചായത്ത് | നിയോജക മണ്ഡലം | സ്ട്രക്ചർ ടൈപ്പ് | ടെക്നിക്കൽ സാങ്ഷൻ തുക | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|---|---|---|---|
| 1. | ജി.എച്ച്.എസ്.എസ്, ഒതുക്കുങ്ങൽ | മലപ്പുറം | ഒതുക്കുങ്ങൽ | വേങ്ങര | ഫിൽറ്റർ ടാങ്ക് | 1,44,000 | ടെണ്ടർ 03-01-20 ന് നടന്നു. ഡിസ്ട്രിക്ട് കോ ഓർഡിനേറ്റർ എസ്.ഇ.യു.എഫ് സിവിൽ സ്റ്റേഷൻ, മലപ്പുറത്തിന് ഏറ്റവും കുറഞ്ഞ തുകയായ എസ്റ്റിമേറ്റ് റേറ്റിൽ പ്രവർത്തി നൽകി. |

സെക്ഷൻ ഓഫീസർ